## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 397** **25.06.2019 -ൽ മറുപടിയ്ക്ക്**

## അന്വേഷണാധിഷ്ഠിത പഠന പ്രക്രിയ

ചോദ്യം **ഉത്തരം**

**ശ്രീമതി.പി. അയിഷാ പോറ്റി**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**
**ശ്രീ.കെ.വി.വിജയദാസ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകപ്പുമന്ത്രി)

എ) സമഗ്ര ശിക്ഷ പദ്ധതി പ്രകാരം ആറ് മുതൽ പതിനാലുവയസ്സുവരെയുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും പ്രദാനം ചെയ്യുന്നതിനും ഉള്ള പ്രവർത്തനം വിശദമാക്കാമോ;

എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. സ്കൂളിൽ ഇതുവരെ ചേരാത്തതും പലകാരണങ്ങളാലും കൊഴിഞ്ഞുപോയതുമായ കുട്ടികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ ചേർക്കാനും കൊഴിഞ്ഞുപോക്ക് തടയാനുമായി വിവിധ പരിപാടികൾ സമഗ്രശിക്ഷാ കേരളം ഏറ്റെടുത്തു നടത്തുന്നു.

1.മലയോര പ്രദേശത്തെ കുട്ടികൾക്ക് എല്ലാ ദിവസവും ദീർഘദൂരം യാത്ര ചെയ്താൽ മാത്രമേ വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യം മറികടക്കാനായി ഇടുക്കി (മറയൂർ), മലപ്പുറം (നിലമ്പൂർ), തിരുവനന്തപുരം (കോട്ടൂർ) എന്നീ സ്ഥലങ്ങളിൽ താമസിച്ച് പഠിക്കാനായി സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 3 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. കൂടാതെ പത്തനംതിട്ട(നിലമേൽ), ഇടുക്കി(അടിമാലി), കണ്ണൂർ(ആറളം ഫാം) എന്നീ സ്ഥലങ്ങളിൽകൂടി ഹോസ്റ്റൽ തുടങ്ങാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

2. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം നൽകുന്നു.

3. 8-ാം ക്ലാസ്സ് വരെയുള്ള എല്ലാ പെൺകുട്ടികൾക്കും എസ്.സി.,എസ്.റ്റി, ബി.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾക്കും യൂണിഫോം സൗജന്യമായി നൽകുന്നു.

4. നിലവിൽ യാത്രാസൗകര്യം ഇല്ലാത്ത പ്രദേശത്തെ കുട്ടികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് മാസം 600/- രൂപ (അറുന്നൂറ് രൂപ ) എന്ന നിരക്കിൽ 6000/-രൂപ (ആറായിരം രൂപ) വരെ നൽകുന്നു.

5. സ്കൂളിൽ ചേരാത്തതും കൊഴിഞ്ഞുപോയതുമായ മലയോര പ്രദേശത്തേയും ഇതര സംസ്ഥാന തൊഴിലാളികളുടേയും കുട്ടികളെ സർവ്വേയിലൂടെ കണ്ടെത്തി ബ്രിഡ്ജ് കോഴ്സ് നടത്തുന്നു.വയസ്സിനനുസൃതമായ ക്ലാസ്സുകളിൽ ചേർക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| ബി) | അഭ്യസ്തവിദ്യരിൽത്തന്നെ യുക്തിബോധം കുറവായി കാണുന്ന സാഹചര്യത്തിൽ കുട്ടികളിൽ ചെറുപ്പത്തിൽത്തന്നെ ശാസ്ത്രീയമായ കാഴ്ചപ്പാടും യുക്തിചിന്തയും അങ്കുരിപ്പിക്കുന്നതിന് അന്വേഷണാധിഷ്ഠിത പഠന പ്രക്രിയ പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ; | ബി) | വിദ്യാർത്ഥികളിൽ യുക്തിബോധം വളർത്തുന്ന തരത്തിൽ പാഠ്യപദ്ധതിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. പാഠ്യപദ്ധതി പുനരവലോകനത്തിന്റെ ഭാഗമായി എസ്.സ്.ഇ.ആർ.ടി വികസിപ്പിച്ച വിനിമയ പാഠങ്ങൾ ഈ ലക്ഷ്യം മുൻ നിറുത്തിയിട്ടുള്ളതാണ്.9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യുക്തി ചിന്തയ്ക്ക് പ്രാധാന്യമുള്ള ചില പാഠങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഓരോ സ്കൂളിന്റെയും മികവുകൾ മനസ്സിലാക്കുന്നതിനും പഠനാനുഭവങ്ങളും സാമൂഹ്യാനുഭവങ്ങളും പങ്കുവയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള വിദ്യാലയ കൂട്ടുചേരൽ പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ; | സി) | സമഗ്രശിക്ഷ സാമൂഹ്യ പങ്കാളിത്തത്തോടെ ജനുവരി 26 മുതൽ പഠനോത്സവം നടത്തുകയുണ്ടായി.ഈ പരിപാടിയ്ക്ക് വലിയ പിന്തുണ സമൂഹത്തിൽ നിന്നും ലഭിച്ചു.സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ അക്കാഡമിക് മാസ്റ്റർപ്ലാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. |
| ഡി) | ദുർഘട പ്രദേശങ്ങളിൽ വസിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ബസുകളും സ്വകാര്യ ബസുകളും സ്കൂൾ സമയത്ത് ഗതാഗതം നടത്തുന്നുണ്ടെന്ന് ഉറപ്പാക്കാനും സ്വകാര്യ ബസുകളിലെ ജീവനക്കാർ വിദ്യാർത്ഥികളോട് അവഹേളനാപരമായി പെരുമാറുന്നത് അവസാനിപ്പിക്കാനും വിദ്യാഭ്യാസ വകുപ്പ് ഇടപെടൽ നടത്തുമോ; വിശദമാക്കുമോ? | ഡി) | ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന നിലവിൽ യാത്രാസൗകര്യം ഇല്ലാത്ത പ്രദേശത്തെ കുട്ടികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് മാസം 600/- രൂപ (അറുന്നൂറ് രൂപ ) എന്ന നിരക്കിൽ 6000/-രൂപ (ആറായിരം രൂപ) വരെ നൽകുന്നു. സ്കൂൾ സമയത്തു ആവശ്യത്തിന് യാത്രാ ബസുകൾ ഇല്ലാത്തതും, സ്വകാര്യ ബസിലെ ജീവനക്കാർ വിദ്യാർത്ഥികളോട് അവഹേളനപരമായി പെരുമാറുന്നതും ശ്രദ്ധയിൽപെട്ടാൽ പോലീസ്,ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടു ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ